## കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

### വിജ്ഞാപനം

നമ്പർ എസ്3-കെ.എൻ. ആർ.കെ.ഡബ്ല്യൂ.ബി./എസ്.എ/111/2014. തിരുവനന്തപുരം, 2014 ജനുവരി 24.

**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നൽകുന്ന സേവനങ്ങൾ**

2012-ലെ കേരള സേവനാവകാശ ആക്റ്റ് (ആക്റ്റ് 18, 2012) സെക്ഷൻ 3 പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിനുവേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുജനങ്ങൾക്കുവേണ്ടി ടി ബോർഡ് താഴെപ്പറയുന്ന സേവനങ്ങൾ നൽകുന്നതാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങൾ | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി | ഫീസ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ക്ഷേമനിധി അംഗത്വത്തിനായി ലഭിക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് അറിയിപ്പ് നൽകൽ | 2 മാസം | മാനേജർ (ഫിനാൻസ്)/ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |
| 2 | ക്ഷേമനിധി അംഗത്വത്തിനായി ലഭിക്കുന്ന സമ്പൂർണ്ണമായ അപേക്ഷകൾ അനുബന്ധ രേഖകളോടൊപ്പം ലഭിച്ചാൽ അംഗത്വ/അംശദായ അടവ് കാർഡ് അയച്ചുകൊടുക്കൽ | 3 മാസം | മാനേജർ (ഫിനാൻസ്)/ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |
| 3 | ഡ്യൂപ്ലിക്കേറ്റ് അംഗത്വ/ അംശദായ അടവ് കാർഡ് അനുവദിക്കൽ | 30 ദിവസം | മാനേജർ (ഫിനാൻസ്)/ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |
| 4 | പെൻഷൻ അനുവദിക്കൽ | പൂർണ്ണമായ അപേക്ഷകൾ ലഭിച്ചതിനുശേഷം 3 മാസമോ അല്ലെങ്കിൽ ടി അപേക്ഷ ലഭിച്ച തിനുശേഷം നടക്കുന്ന ആദ്യത്തെ ബോർഡ് യോഗത്തിന്റെ തീരുമാനമോ ഇവയിൽ ഏതാണോ അവസാനം സംഭവിക്കുന്നത് | മാനേജർ (ഫിനാൻസ്) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |
| 5 | മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് മുതലായവ അനുവദിക്കൽ | പൂർണ്ണമായ അപേക്ഷകൾ ലഭിച്ചതിനുശേഷം 3 മാസമോ അല്ലെങ്കിൽ ടി അപേക്ഷ ലഭിച്ച തിനുശേഷം നടക്കുന്ന ആദ്യത്തെ ബോർഡ് യോഗത്തിന്റെ തീരുമാനമോ ഇവയിൽ ഏതാണോ അവസാനം സംഭവിക്കുന്നത് | മാനേജർ (ഫിനാൻസ്) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |

| (1) | (2) | (3) | (4) | (5) | (6) | (7) |
| --- | --- | --- | --- | --- | --- | --- |
| 6 | ആനുകൂല്യങ്ങൾ നിരസിച്ചത് സംബന്ധിച്ച 1-ാം അപ്പീലിന് മറുപടി നൽകൽ | 3 മാസമോ അല്ലെങ്കിൽ ടി അപ്പീൽ ലഭിച്ചതിനു ശേഷം നടക്കുന്ന ആദ്യത്തെ ബോർഡ് യോഗത്തിന്റെ തീരുമാനമോ ഇവയിൽ ഏതാണോ അവസാനം സംഭവിക്കുന്നത് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | .. | ചെയർമാൻ | ഇല്ല |
| 7 | ആനുകൂല്യങ്ങൾ നിരസിച്ചത് സംബന്ധിച്ച 2-ാം അപ്പീലിന് മറുപടി നൽകൽ | 3 മാസമോ അല്ലെങ്കിൽ ടി രണ്ടാം അപ്പീൽ ലഭിച്ചതിനുശേഷം നടക്കുന്ന ആദ്യത്തെ ബോർഡ് യോഗത്തിന്റെ തീരുമാനമോ ഇവയിൽ ഏതാണോ അവസാനം സംഭവിക്കുന്നത് | ചെയർമാൻ | .. | .. | ഇല്ല |
| 8 | ബോർഡിലേക്ക് സമർപ്പിക്കുന്ന അവസാന അപ്പീലിന് മറുപടി നൽകൽ | അടുത്ത ബോർഡ് യോഗത്തിന്റെ തീരുമാനശേഷം 20 ദിവസത്തിനകം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | .. | .. | ഇല്ല |
| 9 | മറ്റ് സേവനങ്ങൾക്ക് മറുപടി നൽകൽ | പൂർണ്ണമായ പരാതികൾ/ അപേക്ഷകൾ ലഭിച്ചതിനു ശേഷം 3 മാസമോ അല്ലെങ്കിൽ ടി പരാതി/അപേക്ഷ ലഭിച്ചതിനുശേഷം നടക്കുന്ന ആദ്യത്തെ ബോർഡ് യോഗത്തിന്റെ തീരുമാനമോ ഇവയിൽ ഏതാണോ അവസാനം സംഭവിക്കുന്നത് | മാനേജർ (ഫിനാൻസ്) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ചെയർമാൻ | ഇല്ല |

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, പൊതുജന സമക്ഷം അറിയിക്കുന്നത്)

സെക്ഷൻ 3, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ്, (1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തതൊഴികെ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പ് മേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്യേണ്ടതാണ്.

ഈ വിജ്ഞാപനം ഈ ലക്ഷ്യത്തിനായി ഉൾക്കൊള്ളിച്ചിട്ടുള്ളതാകുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.